**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1309** **14-03-2022 - ൽ മറുപടിയ്ക്ക്**

**എലംബ്രയിൽ എൽ.പി.സ്കൂൾ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ വളരെ പിന്നോക്കം നിൽക്കുന്ന എലംബ്ര എന്ന പ്രദേശത്തെ രക്ഷിതാക്കളും,കുട്ടികളും അനുഭവിക്കുന്ന പ്രയാസങ്ങൾ മനസ്സിലാക്കി അവിടെ ഒരു എൽ.പി.സ്കൂൾ അനുവദിക്കാനുള്ള ഹൈക്കോടതിവിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | വിദ്യാഭ്യാസ അവകാശ നിയമത്തിലെ ഏതെങ്കിലും സെക്ഷൻ അടിസ്ഥാനമാക്കി മാത്രം നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനോ പുതുതായി സ്കൂളുകൾ ആരംഭിക്കാനോ സാധിക്കില്ല. സാമ്പത്തികം, സാമൂഹികം, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാർത്ഥികളുടെ എണ്ണം, uneconomic schools, എന്നിവയൊക്കെ അടിസ്ഥാനപ്പെടുത്തി രൂപീകരിക്കുന്ന വിശാല പൊതു നയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനോ പുതുതായി സ്കൂളുകൾ ആരംഭിക്കാനോ സാധിക്കൂ. സംസ്ഥാനത്ത് കേരള സിലബസിലുള്ള ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ മാത്രമല്ല പ്രവർത്തിക്കുന്നത്. കേരള സിലബസിലുള്ള അൺഎയ്ഡഡ് സ്കൂളുകൾ, CBSE, ICSE സ്കൂളുകൾ എന്നിവയെല്ലാം ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് അവർക്കിഷ്ടമുള്ള സ്കൂളുകളിൽ ചേർന്ന് പഠിക്കാവുന്ന തരത്തിലുള്ള യാത്രാസൗകര്യങ്ങളും ലഭ്യമാണ്. ആയതിനാൽ തന്നെ സർക്കാർ, എയ്ഡഡ് മേഖലയിൽ പുതുതായി സ്കൂളുകളോ, നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതോ ആവശ്യമില്ലെന്ന പൊതുനയമാണ് സ്വീകരിച്ചിട്ടുള്ളത്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയോ പുതുതായി ആരംഭിക്കുകയോ ചെയ്യുന്നത് കൊണ്ട് കൂടുതൽ uneconomic schools ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുണ്ട്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യപ്പെടുമ്പോൾ ഉണ്ടാകുന്ന വൻപിച്ച അധിക സാമ്പത്തിക ബാധ്യതയും ഒരു പ്രശ്നമാണ്. ഒരു സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചാൽ സമാന ആവശ്യവുമായി നിരവധി സ്കൂളുകൾ രംഗത്തെത്തും. സർക്കാരിന്റെ സാമ്പത്തിക ബാധ്യത കൂടി |

| | | | |
|---|---|---|---|
| | | | പരിഗണിച്ച മാത്രമേ അത്തരം നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനാകൂ. മേൽസാഹചര്യത്തിലാണ് ഹൈക്കോടതിവിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. |
| (ബി) | ഇത് സംബന്ധിച്ച തൽസ്ഥിതി അറിയിക്കാമോ? | (ബി) | വിദ്യാഭ്യാസ അവകാശ നിയമത്തിലെ ഏതെങ്കിലും സെക്ഷൻ അടിസ്ഥാനമാക്കി മാത്രം നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനോ പുതുതായി സ്കൂളുകൾ ആരംഭിക്കാനോ സാധിക്കില്ല. സാമ്പത്തികം, സാമൂഹികം, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാർത്ഥികളുടെ എണ്ണം, uneconomic schools, എന്നിവയൊക്കെ അടിസ്ഥാനപ്പെടുത്തി രൂപീകരിക്കുന്ന വിശാല പൊതു നയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനോ പുതുതായി സ്കൂളുകൾ ആരംഭിക്കാനോ സാധിക്കൂ. സംസ്ഥാനത്ത് കേരള സിലബസിലുള്ള ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ മാത്രമല്ല പ്രവർത്തിക്കുന്നത്. കേരള സിലബസിലുള്ള അൺഎയ്ഡഡ് സ്കൂളുകൾ, CBSE, ICSE സ്കൂളുകൾ എന്നിവയെല്ലാം ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് അവർക്കിഷ്ടമുള്ള സ്കൂളുകളിൽ ചേർന്ന് പഠിക്കാവുന്ന തരത്തിലുള്ള യാത്രാസൗകര്യങ്ങളും ലഭ്യമാണ്. ആയതിനാൽ തന്നെ സർക്കാർ, എയ്ഡഡ് മേഖലയിൽ പുതുതായി സ്കൂളുകളോ, നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതോ ആവശ്യമില്ലെന്ന പൊതുനയമാണ് സ്വീകരിച്ചിട്ടുള്ളത്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയോ പുതുതായി ആരംഭിക്കുകയോ ചെയ്യുന്നത് കൊണ്ട് കൂടുതൽ uneconomic schools ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുണ്ട്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യപ്പെടുമ്പോൾ ഉണ്ടാകുന്ന വൻപിച്ച അധിക സാമ്പത്തിക ബാധ്യതയും ഒരു പ്രശ്നമാണ്. ഒരു സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചാൽ സമാന ആവശ്യവുമായി നിരവധി സ്കൂളുകൾ രംഗത്തെത്തും. സർക്കാരിന്റെ സാമ്പത്തിക ബാധ്യത കൂടി പരിഗണിച്ച മാത്രമേ അത്തരം നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനാകൂ. മേൽസാഹചര്യത്തിലാണ് ഹൈക്കോടതിവിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ